# കേരള സർവകലാശാല

## ഒന്നാം വർഷ ബിഎഡ് പ്രവേശനം 2026 –27

### ഒന്നാം വർഷ ബി.എഡ് കോഴ്സുകളിലെ ഡിഫെൻസ് ക്വാട്ട, സ്പോർട്സ് ക്വാട്ട, കെ.യു.സി.റ്റി.ഇ മാനേജ്മെൻറ് ക്വാട്ട സീറ്റുകളിലേക്കുള്ള സ്പോട്ട് അലോട്ട്മെൻറ് ജൂലൈ 18 ന്

### നിർദ്ദേശങ്ങൾ

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, കെ.യു.സി.റ്റി.ഇ, എന്നിവയിലേക്കുള്ള ഒന്നാം വർഷ ബി.എഡ് കോഴ്സുകളിലെ ഡിഫെൻസ് ക്വാട്ട, സ്പോർട്സ് ക്വാട്ട, കെ.യു.സി.റ്റി.ഇ മാനേജ്മെൻറ് ക്വാട്ട സീറ്റുകളിലേക്കുള്ള സ്പോട്ട് അലോട്ട്മെൻറ് ജൂലൈ 18 ന് ഇ എം എസ് ഹാൾ കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസ്സിൽ വച്ച് നടത്തുന്നു.

**ജൂലൈ** 15 വരെ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്കാണ് ഡിഫെൻസ് ക്വാട്ട, സ്പോർട്സ് ക്വാട്ട, കെ.യു.സി.റ്റി.ഇ മാനേജ്മെൻറ് ക്വാട്ട സീറ്റുകളിലേക്ക് ആദ്യ പരിഗണന ലഭിക്കുന്നത് .നിലവിൽ കെ.യു.സി.റ്റി.ഇ മാനേജ്മെൻറ് ക്വാട്ട രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്തവരെ താല്പര്യമുള്ളപക്ഷം , രജിസ്റ്റർ ചെയ്തവരെ പരിഗണിച്ച ശേഷം അവശേഷിക്കുന്ന സീറ്റുകളിലേക്ക് പരിഗണിക്കുന്നതാണ്.

- രജിസ്ട്രേഷൻ സമയം രാവിലെ 8.30 മണി മുതൽ 10 മണി വരെ, സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് സഹിതം രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. കൃത്യസമയത് ഹാജരാകുന്നവർക്കാണ് ആദ്യ പരിഗണന .
- അലോട്ട്മെൻറ് സെന്ററിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം (authorization letter) നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്.

- നിലവിൽ കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി വാങ്ങാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ വരുന്ന വിദ്യാർത്ഥികൾ അസ്സൽ മാർക്ക് ലിസ്റ്റുകളും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും കൈവശം കരുതണം.

- ഡിഫെൻസ് ക്വാട്ട സീറ്റിലേക്ക് അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾ ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

- ഓൺലൈനിൽ അപേക്ഷ സമർപ്പിച്ച സമയത്ത് രേഖപ്പെടുത്തിയ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്പോട്ട് അലോട്ട്മെൻറ് സമയത്ത് ഹാജകരാക്കേണ്ടതാണ്. നിലവിൽ കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ അഡ്മിറ്റ് മെമ്മോയും സർട്ടിഫിക്കറ്റുകളുടെ പകർപ്പും ഹാജരാക്കിയാൽ മതിയാകും .

- ഇതര സർവകലാശാലകളിൽ നിന്നും ഡിഗ്രി / പി ജി പൂർത്തിയാക്കിയ വിദ്യാർത്ഥികൾ പ്രസ്തുത കോഴ്സുകൾ ബി.എഡ് പഠനത്തിന് കേരള സർവകലാശാല അംഗീകരിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്ന യോഗ്യതാ സർട്ടിഫിക്കറ്റ് കോളേജിൽ ഹാജരാക്കണം .

- കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, കെ.യു.സി.റ്റി.ഇ, സാശ്രയ കോളേജ് എന്നിവയിലേക്കുള്ള ജനറൽ മെറിറ്റ് സീറ്റുകളിലേക്കുള്ള സ്പോട് അലോട്ട്മെൻറ് സപ്ലിമെന്ററി അലോട്മെന്റിന് ശേഷം നടത്തുന്നതായിരിക്കും

- അഡ്മിഷൻ സംബന്ധിച്ചുള്ള അതാതു സമയങ്ങളിലെ വിവരങ്ങൾക്ക് സർവകലാശാല പത്രകുറിപ്പുകളും അഡ്മിഷൻ വെബ്സൈറ്റും (https://admissions.keralauniversity.ac.in)ശ്രദ്ധിക്കേണ്ടതാണ്.

ഹെൽപ്പ് ലൈൻ നമ്പർ : 8281883053 ( Whatsapp also)

ഇമെയിൽ : bedadmission@keralauniversity.ac.in

രജിസ്ട്രാർ